**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2961** **18-06-2018 ൽ മറുപടിക്ക്**

**കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

**ചോദ്യം**

ശ്രീ.പി.ടി. തോമസ്

ശ്രീ.വി.ടി.ബൽറാം

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൈവശഭൂമിക്ക് പട്ടയം നൽകണമെങ്കിൽ 01.08.71 ന് മുമ്പ് അപേക്ഷകനോ അയാളുടെ മുൻകൈവശക്കാരനോ ഭൂമി കൈവശം ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ;

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7 ഉപചട്ടം 1 പ്രകാരം 1/08/1971 ന് മുമ്പ് ഭൂമി കൈവശം വച്ച് വരുന്നവർക്ക് ഭൂമി പതിച്ച് നൽകുന്നതിന് മുൻഗണനയുള്ളതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഈ സാഹചര്യത്തിൽ 1972 ലും അതിന് ശേഷവും റീ-സർവ്വേ നടത്തിയിട്ടുള്ളതും സർവ്വേ കാലയളവിൽ ആരാലും കൈവശമില്ലാതെയിരുന്നതും, സർക്കാർ തരിശ്, പുറമ്പോക്ക്, പാറ തരിശ്, പാറ എന്നിങ്ങനെ റീ-സർവ്വേ ഫീൽഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതുമായ ഭൂമിക്ക് പട്ടയം ലഭിയ്ക്കുവാനായി ഒരാൾ അപേക്ഷ സമർപ്പിച്ചാൽ പ്രസ്തുത വ്യക്തി ഭൂമി കൈവശം വെച്ചതിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പ് അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി) കൈവശം സ്ഥലം സന്ദർശിച്ച് വില്ലേജാഫീസർ തയ്യാറാക്കുന്ന റിപ്പോർട്ട്, മഹസർ, വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ കൂടാതെ വീട് വച്ച് താമസിക്കുന്ന സ്ഥലമാണെങ്കിൽ വീടിന്റെ നമ്പർ, പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ രേഖകൾ, റേഷൻ കാർഡ് തിരിച്ചറിയൽ രേഖകൾ എന്നിവ പരിശോധിച്ചും പ്രദേശിക അന്വേഷണത്തിന്റെയും അയൽ സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിലും കാലപ്പഴക്കം കണക്കാക്കുന്നു.

**സെക്ഷൻ ഓഫീസർ**